

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 21. ഫാസിസം

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

21 ഫാസിസം . . . . . . . . . . . . . . . . . . . . . . . . . . . . 1

1 ഉപക്രമം . . . . . . . . . . . . . . . . . 2

2 ഫാസിസം എന്നാൽ എന്ത്? . . . . . . 3

3 ഉത്ഭവം . . . . . . . . . . . . . . . . . 4

4 ഫാസിസത്തിന്റെ സിദ്ധാന്തങ്ങൾ . . . 5

# 21

# ഫാസിസം

“ഫാസിസത്തിന്റെ വലിയൊരു പ്രത്യേകത അതിന്ന് സ്ഥിരമായ ആദർശങ്ങളോ നിഷ്ഠകളോ യാതൊന്നും ഇല്ലെന്നുള്ളതാണ്. സോഷ്യലിസത്തോടും കമ്യൂണിസത്തോടും ലിബറലിസത്തോടും ഉള്ള വിരോധത്തിൽ കവിഞ്ഞ്-അതിന്ന് നിദാനമായി ഒരു തത്വചിന്തയും ഇല്ല.

— പണ്ഡിത് ജവഹർലാൽ

## 1 ഉപക്രമം

പുതിയ പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടതോടുകൂടി ഉൽപാദനങ്ങൾ ആവശ്യത്തിലധികം വർദ്ധിച്ചു. ലാഭമുണ്ടാക്കുകയാണല്ലോ മുതലാളിത്തത്തിന്റെ ലക്ഷ്യം. അതുകൊണ്ട്, മത്സരം വർദ്ധിയ്ക്കുംതോറും ഓരോ മുതലാളിയും അധികമധികം ചരക്കുകൾ നിർമ്മിക്കുവാൻ തുടങ്ങി. പക്ഷേ, ഉൽപാദനത്തിന്നനുസരിച്ചുള്ള വിതരണമുണ്ടായില്ല. ഉണ്ടാക്കുന്ന സാമഗ്രികൾ മുഴുവനും വിറ്റുതീർക്കുവാൻ സാധിക്കാതായി. അതിന്റെ ഫലമായി വ്യാപാരത്തിൽ അപകടം പിടിച്ച ഒരു സാമ്പത്തിക ക്കുഴപ്പം വന്നു നേരിട്ടു. മുതലാളികൾ തല ചൊറിയാൻ തുടങ്ങി. ഫാക്ടറികൾ പൂട്ടാൻ തുടങ്ങി. അനേകം തൊഴിലാളികൾ തൊഴിലില്ലാത്തവരായിത്തീർന്നു. ഏതായാലും, കുറച്ചു നാൾകൊണ്ട് 'ഗോഡൌണിൽ' കെട്ടിക്കിടന്നിരുന്ന സാധാനങ്ങളെല്ലാം വിറ്റുതീർന്നു. കമ്പനികൾ വീണ്ടും തുറക്കാൻ തുടങ്ങി. തൊഴിലാളികൾക്ക് പണി വീണ്ടും കിട്ടി. കച്ചവടം വീണ്ടും മുന്നേപ്പോലെ അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി. പക്ഷേ, ഈ അഭിലഷണീയ സ്ഥിതി അധികകാലം നിലനിന്നില്ല. ഉൽപാദനങ്ങൾ വർദ്ധിച്ചപ്പോൾ സാമ്പത്തികക്കുഴപ്പം വീണ്ടും തുടങ്ങി. ഉണ്ടാക്കുന്ന സാധനങ്ങളെല്ലാം വിറ്റഴിക്കാൻ സാധിക്കാഞ്ഞാൽ എങ്ങിനെയാണ് കച്ചവടക്കുഴപ്പമുണ്ടാവാതിരിക്കുക? കമ്പനികളിൽനിന്ന് വീണ്ടും തൊഴിലാളികളെ പറഞ്ഞയക്കാൻ തുടങ്ങി. ഇങ്ങിനെ സമ്പത്തിന്റെ ആധിക്യവും കുഴപ്പവും കണ്ടുകൊണ്ട് കാലം മുന്നോട്ടു നടന്നു.

ഒന്നാമത്തെ ലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ സാമ്പത്തികവും രാഷ്ട്രീയവുമായ കുഴപ്പങ്ങളാണ് ഈ ദുർഘടഘട്ടത്തിന്നു കാരണമെന്ന് ചില രാജ്യനീതിജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അത് ഏറെക്കുറെ ശരിയാണുതാനും. വമ്പിച്ച കടച്ചുമട്, ടാരിഫിലുള്ള തകരാറുകൾ, സുപ്രതിഷ്ഠിതമായ പഴയ വ്യാപാരസമ്പ്രദായത്തിന്റെ നാശം, അതിരു കവിഞ്ഞ സ്വദേശ്യപ്രേമം-ഇവയെല്ലാം ഇന്നത്തെ സാമ്പത്തികക്കുഴപ്പത്തിന്റെ കാരണങ്ങളാണെന്നു സമ്മതിച്ചേ തീരൂ. പക്ഷേ, ലോകമഹായുദ്ധം തന്നേയും മുതലാളിത്തത്തിന്റെ സന്താനമല്ലേ?

ഈ കുഴപ്പത്തിൽനിന്നു രക്ഷപ്പെടുവാൻ പ്രധാനമായി രണ്ടു വഴികളാണുള്ളത്. ഒന്നുകിൽ ഈ പുതിയ നിർമ്മാണരീതിയേയും വ്യവസായഭിവൃദ്ധിയേയും പാടേ നശിപ്പിച്ച് ഭൂതകാലത്തിലേയ്ക്കു മടങ്ങിപ്പോവുക. അല്ലെങ്കിൽ, വ്യവസായങ്ങളെ നശിപ്പിക്കാതെ അവയുടെ നിയന്ത്രണത്തിലും വിതരണരീതിയിലും സമൂലമായ ഒരു പരിവർത്തനം വരുത്തുക-മനുഷ്യത്വത്തിന്റെ പുരോഗതിയിലേയ്ക്കുള്ള എടുത്തുചാട്ടത്തെ തടുത്തുനിർത്തുന്ന ആദ്യത്തെ മാർഗ്ഗം ആശാസ്യമാണെന്നു പറയാൻ നിവൃത്തിയില്ല. രണ്ടാമത്തെ മാർഗ്ഗമാണ് സോഷ്യലിസം.

## 2 ഫാസിസം എന്നാൽ എന്ത്?

ഏതായാലും ഒരു കാര്യം തീർച്ചയാണ്. ദോഷപൂർണ്ണമായ മുതലാളിത്തസമ്പ്രദായം അതിന്റെ ഒടുവിലത്തെ പടിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി അതിന്ന് യാതൊരു മാറ്റവും കൂടാതെ അതേ നിലയിൽ അധികകാലം നിലനില്ക്കുവാൻ സാധിക്കുകയില്ല. ഒന്നുകിൽ അത് പുരോഗതിയിൽ...സ്വകാര്യസ്വത്തുടമയില്ലാത്ത സുന്ദരരൂപത്തിൽ-ചെന്നു ലയിക്കും. അല്ലെങ്കിൽ, അതു പ്രതിക്രിയയുടെ വേഷം ധരിക്കും. ഈ പ്രതിക്രിയയാണ് ഫാസിസം.

ഫാസിസം ഇന്നു നിലവിലുള്ള സാമ്പത്തിക സ്ഥിതിയെ തകിടം മറിക്കുവാനുള്ള ഒരേർപ്പാടാണെന്നു തെറ്റിദ്ധരിക്കരുത്. ഫാസിസത്തെപ്പറ്റി അതിന്റെ പ്രചാരകന്മാർ കടലാസ്സിൽ എഴുതിക്കൂട്ടിയ ഭംഗിയുള്ള പ്രോഗ്രാമുകൾ പ്രവൃത്തിയിൽ വരുമ്പോൾ ഏറ്റവും ഭയങ്കരമായിട്ടാണ് കാണുന്നത്. അമേരിക്കയിലെ സുപ്രസിദ്ധ ലേഖകനായ നോർമൻ തോമാസ് പറയുന്നതുപോലെ, രാഷ്ട്രത്തിന്റെ സംരക്ഷണത്തിൻ കീഴിലുള്ള മുതലാളിത്തമാണ് ഫാസിസം (Fascism is State Capitalism) [1]

---

1. Fascism or Socialism by Norman Thomas.

## 3 ഉത്ഭവം

ഫാസിസ്റ്റ് സിദ്ധാന്തങ്ങളുടെ ഉത്ഭവത്തെപ്പറ്റി ശരിക്കു പഠിയ്ക്കണമെങ്കിൽ മാക്യവല്ലി, ദാന്തേ, പ്ലാറ്റോ മുതലായവരുടെ ഗ്രന്ഥങ്ങൾ തുറന്നു നോക്കേണ്ടിവരും. പക്ഷേ, പ്രായോഗികമായ ഫാസിസം 1914-ലെ ലോകമഹായുദ്ധത്തിന്നുശേഷം മാത്രമാണ് വികസിച്ചു വന്നത്. യുദ്ധമാരംഭിക്കുന്നതിന്നു മുമ്പുതന്നെ ഇറ്റലിയുടെ സാമ്പത്തികസ്ഥിതി വലിയൊരു കുഴപ്പത്തിലെത്തിക്കഴിഞ്ഞിരുന്നു. 1914-ൽ ഇറ്റലിയൻ ജനത അഭ്യന്തരവിപ്ലവത്തിന്റെ വക്കുവരെ എത്തി. തൊഴിലാളികളുടെ പണിമുടക്കങ്ങൾ എന്തെന്നില്ലാതെ വർദ്ധിച്ചു. അങ്ങിനെയിരിക്കുമ്പോഴാണ് ലോകമഹായുദ്ധമുണ്ടായത്. അതിനാൽ, യുദ്ധം അവസാനിച്ചപ്പോഴേയ്ക്കും ഇറ്റലിയുടെ സ്ഥിതി ശോചനീയമായിത്തീർന്നുവെന്നു പറയേണ്ടതില്ലല്ലോ. ഒരിടത്ത് പട്ടിണികിടക്കുന്ന തൊഴിലാളികളുടെ കൂടക്കൂടെയുള്ള പണിമുടക്കങ്ങൾ; മറുഭാഗത്തു നിരാശരായിത്തീർന്ന അനേകായിരം പടയാളികളുടെ പ്രതിഷേധ പ്രദർശനങ്ങൾ. ഈ അപകടസ്ഥിതിയിൽ നിന്നു രക്ഷപ്പെടുവാനായി ഇടത്തരക്കാരായ നേതാക്കന്മാർ ഒരു യുക്തി കണ്ടുപിടിച്ചു. തൊഴിലാളികളുടെ കൂടിക്കൂടിവരുന്ന ശക്തിയെ തകർക്കുവാൻവേണ്ടി അവർ വെറുതെയിരിക്കുന്ന പടയാളികളെ സംഘടിപ്പിക്കുവാൻ തുടങ്ങി. ഈ സമയത്താണ് മുസ്സോളിനി നേതൃസ്ഥാനത്തിലേക്കു കയറിവന്നത്. ‘ഫാസി ഡി കോംബാറ്റിമെൻറി’ (Fasci di Cobattimenti) അഥവാ ‘യുദ്ധം ചെയ്യുന്ന സംഘങ്ങൾ’ എന്ന പേരിൽ അദ്ദേഹം അനേകം പടയാളികളെ സംഘടിപ്പിക്കുവാൻ തുടങ്ങി. തരം കിട്ടുമ്പോഴെല്ലാം സോഷ്യലിസ്റ്റുകാരേയും തൊഴിലാളി സ്ഥാപനങ്ങളേയും എതിർക്കുക എന്നതായിരുന്നു അവരുടെ പ്രധാനപ്രവൃത്തി. ധനികന്മാരും ഇടത്തരക്കാരും ഈ സന്നദ്ധസൈന്യങ്ങൾക്ക് ആവുന്ന ധനസഹായം ചെയ്തുകൊടുക്കുവാൻ യാതൊരു മടിയും കാണിച്ചില്ല. എന്തെന്നാൽ, സോഷ്യലിസ്റ്റുകാരുടേയും തൊഴിലാളികളുടേയും വർദ്ധിച്ചുവരുന്ന ശക്തി തങ്ങൾക്കു ദോഷകരമായിട്ടാണ് കലാശിക്കുക എന്ന് അവർക്ക് നല്ലപോലെ മനസ്സിലായിക്കഴിഞ്ഞിരുന്നു. ഇറ്റലിയിലെ ഗവൺമെൻറുപോലും മുസ്സോളിനിയുടെ പരിശ്രമങ്ങളെ സൗഹാർദ്ദപൂർവ്വമായ ദൃഷ്ടിയോടുകൂടിയാണ് വീക്ഷിച്ചിരുന്നത്.

കുറച്ചുകൊല്ലം മുമ്പ് ഇറ്റലിയും തുർക്കിയും തമ്മിൽ യുദ്ധമുണ്ടായപ്പോൾ, യുദ്ധത്തെ അനുകൂലിച്ച മിതവാദികളായ സോഷ്യലിസ്റ്റുകാരെ കഠിനമായെതിർത്ത മുസ്സോളിനി, എല്ലാ നിമിഷത്തിലും സോഷ്യലിസ്റ്റു മന്ത്രം മാത്രം ജപിച്ചിരുന്ന മുസ്സോളിനി, ലോകമഹായുദ്ധമാരംഭിച്ചപ്പോൾ പെട്ടെന്ന് തന്റെ അഭിപ്രായങ്ങളെല്ലാം മാറ്റുകയും യുദ്ധത്തിൽ പങ്കുകൊള്ളുവാൻ ഇറ്റലിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്റെ രഹസ്യം ഏറെക്കുറെ എല്ലാവർക്കും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷേ, യുദ്ധത്തിന്നുശേഷവും അദ്ദേഹത്തിന്ന് തന്റെ വഞ്ചന തുടർന്നുകൊണ്ടു പോകുവാൻ സാധിച്ചതാണ് അത്ഭുതം. സമർത്ഥനായ അദ്ദേഹം തന്റെ ഫാസിസ്റ്റു പ്രസ്ഥാനം ദരിദ്രന്മാർക്കും ധനികന്മാർക്കും ഒരുപോലെ ഉപകാരപ്രദമാണെന്ന തെറ്റിദ്ധാരണ പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. ഈ പ്രയത്നത്തിൽ അദ്ദേഹം ഏതാണ്ടു വിജയിയാകുകയും ചെയ്തു.

ഫാസിസ്റ്റു പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കു പരിതഃസ്ഥിതികൾ തികച്ചും അനുകൂലമായിരുന്നു. ലോകമഹായുദ്ധത്തിന്റെ ഫലമായി മിക്കരാജ്യങ്ങളുടേയും സാമ്പത്തികസ്ഥിതി താറുമാറായിക്കിടക്കുകയായിരുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചു. കൂലി വല്ലാതെ കുറഞ്ഞു. ഒരു ശക്തിയുള്ള ഗവൺമെൻറു വന്നാൽ ഈ കുഴപ്പങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ സാധിച്ചേയ്ക്കാമെന്ന് ജനങ്ങൾ സ്വപ്നം കാണുവാൻ തുടങ്ങി. അവിടേയും ഇവിടേയുമായി ഏതാനും സോഷ്യലിസ്റ്റുകാർ തങ്ങളുടെ ആദർശപ്രാപ്തിക്കുവേണ്ടി ആവുന്നതും അദ്ധ്വാനിച്ചിരുന്നു. പക്ഷേ, അവർക്കു സംഘടനയോ യോജിപ്പോ ഉണ്ടായിരുന്നില്ല. ഏകോപിച്ചുനിന്ന് പൊതുവിലുള്ള ശത്രുവെ എതിർക്കുന്നതിന്നു പകരം അവർ പല കക്ഷികളായി പിരിഞ്ഞ് തമ്മിൽത്തമ്മിൽ ശകാരിക്കുവാനും വിമർശിക്കുവാനും തുടങ്ങി. ഈ അവസരത്തിലാണ് ഫാസിസം തല പൊന്തിച്ചത്.

മറ്റു കാരണങ്ങൾക്കു പുറമെ ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ മഹാശക്തികളുടെ ബുദ്ധിഹീനമായ നയവും ഫാസിസത്തിന്റെ ഉത്ഭവത്തിന്നു പ്രേരകമായിട്ടുണ്ട്. വിജയത്തിന്റെ ലഹരികൊണ്ട് മതിമറന്ന് അവ ജർമ്മനിയോടു കൂടുതൽ അധികാരങ്ങൾ ആവശ്യപ്പെടുവാൻ തുടങ്ങി. തോറ്റ ശത്രുവെ എന്നെന്നും കീഴടക്കിവെക്കണമെന്നാണ് അവർ ആഗ്രഹിച്ചിരുന്നത്. ഈ മർദ്ദനനയമാണ് ജർമ്മനിയിൽ അപായകരമായി ദേശീയത്വം നട്ടുവളർത്തിയത്.

ഇറ്റലിക്കും വേർസേയിൽ സന്ധി വേണ്ടത്ര ഗുണകരമായിട്ടല്ല കലാശിച്ചത്. പക്ഷേ, അവിടെ ഫാസിസം വളരുവാനുള്ള പ്രധാന കാരണം ഗവൺമെൻറിന്റെ ദുർബ്ബലതയായിരുന്നുവെന്ന് സമ്മതിക്കേണ്ടിവരും. ഭരണകൂടം ഇറ്റലിക്ക് കൂടുതൽ ഉപകാരപ്രദമാക്കണമെന്നു വാദിച്ചുകൊണ്ടാണ് മുസ്സോളിനി അവിടുത്തെ ഗവൺമെൻറിനെ രാജിവെക്കുവാൻ നിർബ്ബന്ധിച്ചത്. ആവശ്യത്തിലധികമുള്ള വ്യവസായാഭിവൃദ്ധിയും തങ്ങളെപ്പോലെ സംസ്കൃതരായി ലേകത്തിൽ മറ്റൊരു സമുദായവുമില്ലെന്ന പ്രചാരവേലയും ഫാസിസത്തിന്റെ ഉത്ഭവത്തിന്നുള്ള മറ്റു കാരണങ്ങളാണ്.

1922 ഒക്ടോബർമാസത്തിൽ അനേകം ഫാസിസ്റ്റു സൈന്യങ്ങളുടെ അകമ്പടിയോടുകൂടി മുസ്സോളിനി റോമിലേക്കുള്ള തന്റെ വിജയയാത്രയാരംഭിച്ചു. പ്രധാനമന്ത്രിക്കു ഇത് തീരെപിടിച്ചില്ല. അദ്ദേഹം പൊടുന്നനനെ പട്ടാളനിയമംപാസ്സാക്കി. പക്ഷേ, അതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. രാജാവുതന്നേയും മുസ്സോളിനിയുടെ വിജയകാംക്ഷിയായിരുന്നു. നിരാശനായിത്തീർന്ന പ്രധാനമന്ത്രി ഉടനെ തന്റെ ഉദ്യോഗം രാജിവെച്ചു. എല്ലാം മുൻകൂട്ടിതീർച്ചയാക്കിയപോലെ, രാജാവ് മുസ്സോളിനിയെ മന്ത്രിപദത്തിലേക്കു ക്ഷണിച്ചു. അങ്ങിനെ 1922 ഒക്ടോബർ 30-ാം നു മുസ്സോളിനി ഇറ്റലിയിലെ പ്രധാനമന്ത്രിയായിത്തീർന്നു. അതോടുകൂടി അദ്ദേഹത്തിന്റെ പ്രവൃത്തി വളരെ എളുപ്പമായിത്തീർന്നു. ക്രമത്തിൽക്രമത്തിൽ രാജാവിന്റെ ശക്തി ക്ഷയിച്ചുക്ഷയിച്ചുവന്നു. മുസ്സോളിനി ഇറ്റലിയിലെ സർവ്വാധിപതിയായിത്തീർന്നു.

ഫാസിസ്റ്റു പ്രസ്ഥാനത്തിന്റെ പ്രോത്സാഹകന്മാർ ഇടത്തരക്കാരായ ധനികന്മാരായിരുന്നുവെന്നത് ഞങ്ങൾക്കു വിസ്മരിക്കാൻ പാടില്ല, ലോകമഹായുദ്ധത്തിന്റെ ഫലമായി മാർക്കിന്റെ (ജർമ്മൻ നാണ്യം) വിലകുറഞ്ഞപ്പോൾ ആ ഇടത്തരക്കാരെല്ലാം ദരിദ്രരായിത്തീർന്നു. അവരാണ് സ്വരക്ഷക്കുവേണ്ടി ഫാസിസത്തെ ആദ്യമായി ആശ്രയിച്ചത്. പക്ഷേ, കാലക്രമത്തിൽ ഇടത്തരക്കാരുടെ സ്ഥാനം പോവുകയും അതൊരു തനിമുതലാളിസ്ഥാപനമായിത്തീരുകയും ചെയ്തു.

അധികാരസ്ഥാനത്തെത്തിയ ഉടനെ മുസ്സോളിനി ഫാസിസത്തിന്നെതിരായുള്ള എല്ലാ ശക്തികളേയും നിർദ്ദയം ചവിട്ടിത്തേയ്ക്കുവാൻ തുടങ്ങി. അദ്ദേഹം പ്രഖ്യാപനം ചെയ്തു:—“ഇറ്റലിയിൽ ഫാസിസത്തിന്നെതിരായ യാതൊരു പ്രസ്ഥാനവും പാടില്ല. ഫാസിസം മാത്രമേ ഇറ്റലിയിൽ നിലനില്ക്കുവാൻ പാടുള്ളൂ.” സ്കൂളുകളും നാടകശാലകളും കച്ചവടസ്ഥലങ്ങളും എന്നുവേണ്ട, ഇറ്റലിയിലെ എല്ലാ പൊതുസ്ഥലങ്ങളും, ഫാസിസത്തിന്റെ പ്രചാരവേലയ്ക്കുള്ള കേന്ദ്രങ്ങളായിത്തീർന്നു. ഫാസിസത്തിന്റെ എതിർശക്തികളെ നാമാവശേഷമാക്കുവാൻവേണ്ടി മുസ്സോളിനി ചെയ്ത കഠിനകൈയുകൾ രോമാഞ്ചത്തോടുകൂടിയല്ലാതെ യാതൊരാൾക്കും വായിയ്ക്കുവാൻ സാധിക്കുകയില്ല. ധനികനും ദരിദ്രനും തമ്മിലുള്ള അകൽച്ചയെ കുറയ്ക്കുകയും വർഗ്ഗമത്സരത്തിൽനിന്ന് രാഷ്ട്രത്തെ രക്ഷിയ്ക്കുകയുമാണ് ഈ പുതിയ സിദ്ധാന്തത്തിന്റെ ഉദ്ദേശ്യമെന്നു ഫാസിസ്റ്റ് നേതാക്കന്മാർ ഉദ്ഘോഷിയ്ക്കാറുണ്ടായിരുന്നു. പക്ഷേ, വാസ്തവത്തിൽ, ഇതെല്ലാം ഉള്ളു പൊള്ളയായ വാക്കുകൾ മാത്രമാണെന്നു തെളിയുവാൻ അധികകാലം വേണ്ടിവന്നില്ല. ഫാസിസ്റ്റ് ഭരണം സ്ഥാപിച്ചിട്ടുള്ളതു ദരിദ്രന്മാരായ അനേകായിരം തൊഴിലാളികളുടെ ശവത്തിന്മേലും നിരപരാധികളെ അനേകം സ്ത്രീകളുടെ ദീർഘശ്വാസത്തിന്മേലുമാണെന്നു ചരിത്രവിദ്യാർത്ഥികൾക്കു നല്ലപോലെ അറിയാം.

ഇറ്റലിയിൽ ഫാസിസ്റ്റ് പാർട്ടിയുടെ ആധിപത്യം സ്ഥാപിയ്ക്കുവാൻ ഏതാനും കൊല്ലങ്ങൾ വേണ്ടിവന്നു. പക്ഷേ, ജർമ്മനിയിൽ ഫാസിസത്തിന്റെ മറ്റൊരു രൂപമായ നാസിഭരണം അല്പം മാസങ്ങൾക്കുള്ളിലാണ് സ്ഥാപിയ്ക്കപ്പെടുകയുണ്ടായത്. എന്തുകൊണ്ടെന്നാൽ, ഇറ്റലി തയ്യാറാക്കിയ മാതൃകാഫാസിസത്തെ നാസിസം എന്ന പേരിൽ ഇറക്കുമതി ചെയ്യുക മാത്രമേ ജർമ്മനിയ്ക്കു വേണ്ടിവന്നുള്ളൂ. പക്ഷേ, മർദ്ദനത്തിന്റെ കാര്യത്തിൽ രണ്ടു രാജ്യങ്ങളും, ഒരു പോലെയാണ്. ഹിറ്റ്ലർ ഭരണം കുറച്ചു മാസംകൊണ്ടു കാട്ടിക്കൂട്ടിയ ക്രൂരകൃത്യങ്ങൾ മനുഷ്യത്വത്തെ സ്തംഭിപ്പിക്കുവാൻ പര്യാപ്തമാണ്. ഹിറ്റ്ലരുടെ വലത്തു കൈയായ ഗോറിങ്ങിന്റെ ഈ വാക്കുകൾ ഇവിടെ സ്മർത്തവ്യമാണു:—“നാസിസത്തിന്നു വിരോധിയായ ഒരൊറ്റ വ്യക്തിയെങ്കിലും ജീവിച്ചിരിയ്ക്കുന്നേടത്തോളം കാലം എനിയ്ക്കു യാതൊരു സമാധാനവുമുണ്ടാവുകയില്ല.”

# 4 ഫാസിസത്തിന്റെ സിദ്ധാന്തങ്ങൾ

ഫാസിസത്തിന്നു ഉറപ്പുള്ള രണ്ടു ആധാരസ്തംഭങ്ങളുണ്ട്. ഒന്ന് ദേശീയത (Nationalism); മറ്റേത് രാഷ്ട്രീയാദർശസിദ്ധാന്തം (Political Idealism). ഒടുവിൽ പറഞ്ഞ ആദർശവാദസിദ്ധാന്തം യാതൊരാദർശവുമില്ലാത്ത ഒരു സിദ്ധാന്തമാണെന്നു ബോധ്യപ്പെട്ടുവാൻ അധികമൊന്നും ആലോചിച്ചു നോക്കേണ്ടതില്ല. ഈ സിദ്ധാന്തപ്രകാരം രാഷ്ട്രം സമ്പൂർണ്ണശക്തിയുള്ള ഒരു സ്ഥാപനമാണ്. രാഷ്ട്രം വ്യക്തികൾക്കു വേണ്ടിയല്ല; വ്യക്തികൾ രാഷ്ട്രത്തിന്നുവേണ്ടിയാണ് ജീവിക്കേണ്ടത്. രാഷ്ട്രത്തിനുവേണ്ടി വ്യക്തികൾ ഏതു സമയത്തും എന്തു ത്യാഗവും ചെയ്യുവാൻ സന്നദ്ധരായിരിക്കണം. ഇറ്റലിയിലെ 'മിനിസ്റ്റർ ഓഫ് ജസ്റ്റീസ്' ആയ ആൽഫ്രഡോ റോക്കോ പറയുന്നതു നോക്കുക:-

"ഫാസിസത്തിന്റെ ലക്ഷ്യം സമുദായവാദമാണ്; വ്യക്തികൾ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗം മാത്രമാണ്. ഫാസിസത്തിന്റെ ജീവൻ കിടക്കുന്നതു അതിനു വ്യക്തികളെ സാമുദായികോദ്ദേശ്യത്തിന്നുള്ള ഉപകരണങ്ങളാക്കുവാൻ സാധിക്കുന്നുവെന്നതിലാണ്."

ഫാസിസത്തെപ്പറ്റി പഠിക്കുവാനൊരുങ്ങുന്ന രാഷ്ട്രീയവിദ്യാർത്ഥിയുടെ ദൃഷ്ടിയിൽ ആദ്യമായി പതിയുക ഈ പുതിയ സിദ്ധാന്തത്തിലടങ്ങിയ അതിരു കവിഞ്ഞ ദേശീയതയാണ്. ഫ്രെഞ്ചുവിപ്ലവത്തിന്നുശേഷം പാശ്ചാത്യന്റെ മതം ഏതാണ്ട് ദേശീയതയായിത്തീർന്നിട്ടുണ്ടെന്നു പറഞ്ഞാൽ തെറ്റില്ല. 1914-ൽ തുടങ്ങിയ ഭയങ്കരമായ നരകക്കുഴിയിലേക്കു ബലാൽക്കാരമായി പിടിച്ചുന്തിയതു വിഭിന്നരാജ്യങ്ങളുടെ അനാശാസ്യമായ ദേശീയതയാണെന്ന് ചരിത്രവിദ്യാർത്ഥികളോടു പറയേണ്ടതില്ല. യുദ്ധകാലത്തു പെട്ടെന്നു മൂർദ്ധന്യസ്ഥിതിയിലെത്തിയ ദേശീയതയെ എല്ലാ സമയത്തും ആളിക്കത്തിക്കുകയാണ് ഫാസിസത്തിന്റെ പ്രവൃത്തി. സോഷ്യലിസ്റ്റ്കാർക്കും, കമ്യൂണിസ്റ്റ്കാർക്കും, ജൂതന്മാർക്കും ദേശീയബോധമില്ലെന്ന കാരണം പറഞ്ഞുകൊണ്ടാണ് ഫാസിസ്റ്റ്കാർ അവരെ നിർദ്ദയം വേട്ടയാടി നശിപ്പിക്കുവാൻ മുതിർന്നത്.

സർവ്വരാജ്യമൈത്രിയിൽ ഫാസിസത്തിന്നു വിശ്വാസമില്ല. രാജ്യത്തിന്റെ ക്ഷേമത്തിന്നു യുദ്ധം ഒഴിച്ചുകൂടാത്തതാണെന്നു ഹിറ്റ്ലറും മുസ്സോളിനിയും ഒരുപോലെ ഉറപ്പിച്ചു പറയുന്നു. "യുദ്ധോദ്ദേശ്യം അടങ്ങാത്ത സന്ധി വിഡ്ഢിത്തവും ഉപയോഗശൂന്യവുമാണെ"ന്നാണ് ഹിറ്റ്ലർ "My Struggle" എന്ന തന്റെ ആത്മകഥയിൽ ഉദ്ഘോഷിക്കുന്നത്. "സമാധാനം, തികഞ്ഞ വിഡ്ഢിത്തം മാത്രമാണ്. പക്ഷേ, ചിലപ്പോൾ അതു യുദ്ധത്തിന്നിടയിലുള്ള ചെറിയൊരു വിശ്രമമായിരിക്കും" എന്നു മുസ്സോളിനിയും പറയുന്നു. മുസ്സോളിനിയുടെ ഒരു അടുത്ത സ്നേഹിതനും പ്രസിദ്ധ ഫാസിസ്റ്റ് നേതാവുമായ മേരി യുകാർലി പറയുകയാണ്: "യുദ്ധത്തിൽനിന്നാണ് ഫാസിസം ഉണ്ടായിട്ടുള്ളത്. ഫാസിസത്തിന്റെ നിലനില്പിന്നു യുദ്ധം അത്യാവശ്യമാണ്. ഒരു മഹായുദ്ധം കൂടാതെ നമ്മുടെ രാജ്യത്തിന്നു ഒരിക്കലും അഭിവൃദ്ധിയുണ്ടാവുകയില്ല."

ഫാസിസം സോഷ്യലിസത്തിന്റെ ഒരു വകഭേദം മാത്രമാണെന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. ഇതിലും വലിയൊരു തെറ്റിദ്ധാരണ കാണുവാൻ പ്രയാസമാണ്. ജോൺ സ്റ്റ്റേച്ചേ പ്രസ്താവിച്ചതുപോലെ, "ഫാസിസ്റ്റ് സോഷ്യലിസം സാമ്രാജ്യവാദമല്ലാതെ മറ്റൊന്നുമല്ല." [2] മറ്റു രാജ്യങ്ങളെ കീഴടക്കി വെയ്ക്കുകയെന്നതു ഫാസിസത്തിന്റെ ഒരനിവാര്യ ഫലമാണ്. മുസ്സെളിനി പറയുന്നതു നോക്കുക:-

> "നമ്മൾ നാലുകോടിയുണ്ട്. ബഹുമാനപ്പെട്ടതും പക്ഷേ, ഇടുങ്ങിയതുമായ നമ്മുടെ കൊച്ചു രാജ്യത്തിൽ ഒതുങ്ങിക്കഴിച്ചുകൂട്ടുവാൻ നമ്മൾ നിർബ്ബദ്ധരായിത്തീർന്നിരിക്കയാണ്. ഇറ്റലിയുടേതിനേക്കാൾ ജനസംഖ്യ കുറഞ്ഞ രാജ്യങ്ങൾ നമ്മുടെ ചുറ്റുപാടുമുണ്ട്. അവയിൽ ചില രാജ്യങ്ങൾ നമ്മുടെ ഇറ്റലിയുടെ ഇരട്ടിവലുപ്പമുള്ളവയാണ്. അതിനാൽ ഇറ്റലിയുടെ രാജ്യാതിർത്തികളെ വിസ്തൃതമാക്കേണ്ടതു നമ്മുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമായിത്തീർന്നിരിക്കുന്നു." "ജീവിതത്തിന്റെ ശാശ്വത നിയമമാണ് സാമ്രാജ്യവാദം" എന്നു മുസ്സോളിനിതന്നെ മറ്റൊരവസരത്തിൽ പറയുകയുണ്ടായി. ഇത്രയും പറഞ്ഞതിൽനിന്നു ഇറ്റലിയും അബിസീനിയയും തമ്മിൽ നടന്ന യുദ്ധത്തിന്റെ ഒരു പ്രധാന കാരണം വായനക്കാർക്കു ഊഹിക്കാൻ സാധിക്കുന്നതാണ്.

സ്വാകാര്യസ്വത്തു നിലനിർത്തുകയാണ് ഫാസിസത്തിന്റെ മറ്റൊരുദ്ദേശ്യം. സ്വകാര്യസ്വത്തുടമയെ നശിപ്പിക്കുവാൻ പ്രക്ഷോഭം കൂട്ടുന്ന സോഷ്യലിസ്റ്റ്കാരേയും തൊഴിലാളിസ്ഥാപനങ്ങളേയും നിർദ്ദയം നശിപ്പിക്കുകയും അത്തരം പ്രക്ഷോഭകന്മാരുമായി ഒരിക്കലും സന്ധി ചെയ്യാതിരിക്കുകയുമാണ് അതിന്നുള്ള വഴി. തൊഴിൽമുടക്കങ്ങൾ തുടങ്ങി വർഗ്ഗമത്സരത്തിന്റെ പ്രദർശനങ്ങളെല്ലാം ഇറ്റലിയിൽ നിയമവിരുദ്ധമാണ്. അതെല്ലാം മുസ്സോളിനി ബലം പ്രയോഗിച്ചമർത്തുന്നു. ബലപ്രയോഗത്തിൽ അദ്ദേഹത്തിന്ന് അതിരറ്റ വിശ്വാസമുണ്ട്. അദ്ദേഹം ഒരു പ്രസംഗത്തിൽ ഇങ്ങിനെ പറയുകയുണ്ടായി:- "സമുദായത്തിന്റെ ആരോഗ്യത്തിന്നു ബലപ്രയോഗം അത്യാവശ്യമാണ്. ശക്തിയുടെ ഉപയോഗം സദാചാരത്തിന്നു വിരുദ്ധമാണെന്നു ചിലർ പറയാറുണ്ട്. അതു ശരിയല്ല. നാല്പത്തെട്ടു മണിക്കൂർ നേരത്തെ ബലപ്രയോഗംകൊണ്ടു നാല്പത്തെട്ടു കൊല്ലത്തെ പ്രചാരവേലകൾകൊണ്ടും പ്രസംഗങ്ങൾകൊണ്ടും നേടാൻ കഴിയാത്ത കാര്യങ്ങളാണ് നമുക്കു ലഭിച്ചിട്ടുള്ളത്."

രാഷ്ട്രത്തിന്റെ മുഴുവൻ അധികാരവും സർവ്വാധിപതിയിലാണ് സ്ഥിതിചെയ്യുന്നത്. പൊതുതിരഞ്ഞെടുപ്പുകൾ വോട്ടധികാരവും മറ്റും നാമാവശേഷമായിത്തീർന്നിരിക്കുന്നു. മന്ത്രിസഭയ്ക്ക് യാതൊരുത്തരവാദിത്വവുമില്ല. സർവ്വാധിപതി പറയുന്നതെല്ലാം ശരിവെയ്ക്കുക മാത്രമാണ് മന്ത്രിസഭയുടെ ഉദ്ദേശ്യം.

സോഷ്യലിസത്തെപ്പോലെതന്നെ ഫാസിസവും പ്രജാതന്ത്രവാദത്തിൽ വിശ്വസിക്കുന്നില്ല. പക്ഷേ, സോഷ്യലിസത്തിലെ സർവ്വാധിപത്യവും ഫാസിസത്തിലെ സർവാധിപത്യവും ഒരു പോലെയാണെന്നു തെറ്റിദ്ധരിക്കരുത്. ആദ്യത്തേത് സർവ്വാധിപത്യമോ, വർഗ്ഗമത്സരമോ ഇല്ലാത്ത ഒരു ആകർഷകമായ സമുദായത്തിന്റെ നാന്ദി മാത്രമാണ്. രണ്ടാമത്തേതിന്റെ ഉദ്ദേശ്യം ജനങ്ങളെ എന്നെന്നും സർവ്വാധിപത്യത്തിൻകീഴിൽ അടക്കിഭരിക്കുകയാണ്.

അന്ധമായ അനുസരണമാണ് ഫാസിസത്തിന്റെ മറ്റൊരു പ്രധാനമായ സിദ്ധാന്തം. ആവശ്യമുള്ളപ്പോൾ, ഫാസിസ്റ്റുവിപ്ലവത്തിന്നുവേണ്ടി തന്റെ രക്തം അർപ്പിച്ചുകൊള്ളാമെന്ന് ഓരോ പടയാളിയും സത്യം ചെയ്യണം. [3] പടയാളികൾ അനിവാര്യമായി അനുഷ്ഠിക്കേണ്ട പത്തു കല്പനകൾ ഇവ്ടെ ഉദ്ധരിക്കുന്നതു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു:-

(1) ഫാസിസ്റ്റ് എപ്പോഴും ഒരു പടയാളിയാണെന്നോർമ്മവെയ്ക്കുക. അവൻ ഒരിക്കലും ശാശ്വതമായ സന്ധിയിലും സമാധാനത്തിലും വിശ്വസിക്കുകയില്ല.

(2) നിന്നെ അറസ്റ്റു ചെയ്തു ജെയിലിൽ വെയ്ക്കുകയാണെങ്കിൽ അതു നിന്റെ ഗുണത്തിന്നുവേണ്ടിയാണെന്നു ധരിക്കും.

(3) മുസ്സോളിനിയുടെ പുതു കല്പനയും രാജ്യസേവയാണെന്നു മനസ്സിലാക്കുക.

(4) എല്ലാ ഫാസിസ്റ്റുകളും നിന്റെ സഹോദരന്മാരാണ് (എല്ലാ മനുഷ്യരും അല്ല!—കെ. ദാ.) എന്തുകൊണ്ടെന്നാൽ, നിന്റെ അഭിപ്രായങ്ങൾ തന്നെയാണു അവർക്കും ഉള്ളത്.

(5) നിനക്കു വാളും തോക്കും തന്നിട്ടുള്ളത് എപ്പോഴും യുദ്ധത്തിന്നൊരുങ്ങിയിരിക്കുവാൻ വേണ്ടിയാണ്.

(6) കുറഞ്ഞ ശമ്പളമേ കിട്ടുന്നുള്ളൂ എന്നു നീ ഒരിക്കലും ആക്ഷേപിക്കരുത്.

(7) സൈന്യഭരണത്തിന്റെ ജീവൻ അന്ധമായ ആജ്ഞാപാലനമാണ്.

(8) മുസ്സോളിനി പറയുന്നതെല്ലാം ശരിയാണ്.

(9) കല്പന ലംഘിക്കുന്ന പടയാളിക്കു വെടിയുണ്ടയല്ലാതെ മറ്റു യാതൊരു പ്രായശ്ചിത്തവുമില്ല.

(10) ഈശ്വരാ! ഡൂച്ചേ മുസ്സോളിനി ചിരഞ്ജീവിയായി ഭവിക്കട്ടെ.

ഇനി ഫാസിസ്റ്റ് ഭരണത്തിൽ സ്ത്രീകൾക്കു സ്ഥാനമെന്താണെന്നു നോക്കാം.

മറ്റു മിക്ക രാജ്യങ്ങളിലേയും സ്ത്രീകൾ പുരുഷന്മാർക്കുള്ളത്രതന്നെ അധികാരങ്ങൾ ലഭിക്കുവാൻ വേണ്ടി പ്രക്ഷോഭങ്ങൾ കൂട്ടുകയാണ്. പാരതന്ത്ര്യത്തിൽ കിടക്കുന്ന ഇന്ത്യയിൽപോലും സ്ത്രീകൾ ഉണർന്നുകഴിഞ്ഞിരിക്കുന്നു. പക്ഷേ, ഫാസിസ്റ്റുഭരണവും നാസിഭരണവും സ്ത്രീകളെ ബലാൽക്കാരമായി അടിമത്തത്തിൽത്തന്നെ പിടിച്ചുനിർത്തുകയാണ് ചെയ്യുന്നത്. പുരുഷന്മാർക്കുള്ള വിദ്യാഭ്യാസം സ്ത്രീകൾക്കാവശ്യമില്ലെന്നാണു ഹിറ്റ്ലരുടെ അഭിപ്രായം. അദ്ദേഹം പറയുകയാണ്: "മാതൃത്വത്തെ ശരിക്കുകൊണ്ടുനടത്തുവാനുള്ള വിദ്യാഭ്യാസം മാത്രമേ സ്ത്രീകൾക്കാവശ്യമുള്ളു." [4] സ്വാതന്ത്ര്യസമ്പാദനത്തിന്നു വേണ്ടി പുരുഷന്മാരോടൊപ്പം തോളോടുതോൾ ചേർന്നു കാരാഗൃഹത്തിലേക്കുപോയ ഭാരതീയസ്ത്രീകൾക്കു നാസിസിദ്ധാന്തത്തിന്റെ പ്രചരണമന്ത്രിയായ ഗോബെൽസിന്റെ ഈ വാക്കുകൾ അത്ഭുതത്തോടുകൂടിയല്ലാതെ വായിക്കുവാൻ സാധിക്കുകയില്ല:-

> "സുന്ദരികളായിരിക്കുകയും കുട്ടികളെ പ്രസവിക്കുകയുമാണ് സ്ത്രീകളുടെ കർത്തവ്യം. ആൺപക്ഷിയെ തൃപ്തിപ്പെടുത്തുവാൻവേണ്ടി അലങ്കാരങ്ങളണിയുകയും മുട്ടയിടുകയുമാണല്ലോ പെൺപക്ഷിയുടെ പ്രവൃത്തി. അതിന്നു പകരമായി ആൺപക്ഷി ഭക്ഷണം സമ്പാദിച്ചുകൊണ്ടുവരികയും ശത്രുക്കളോടു യുദ്ധംചെയ്തു കുടുംബത്തെ രക്ഷിക്കുകയും ചെയ്യുന്നു."

ഇങ്ങിനെ ഉദ്ധരിക്കണമെങ്കിൽ, മുസ്സോളിനിയുടേയും ഹിറ്റ്ലരുടേയും അനേകം പ്രസംഗങ്ങൾ കിടപ്പുണ്ട്. പക്ഷേ, ഈ ചെറുലേഖനത്തിൽ അതിന്നൊരുങ്ങുന്നതു കുറച്ചു സാഹസമായിരിക്കും.

ചുരുക്കിപ്പറഞ്ഞാൽ, ഫാസിസംകൊണ്ടു ലോകത്തിന്നു പല അനർത്ഥങ്ങളുമുണ്ടായിട്ടുണ്ട്. എന്തുതന്നെയായാലും ശരി, സോഷ്യലിസ്റ്റുകാരേയും മറ്റു വിപ്ലവകാരികളേയും ഉന്മൂലനാശം ചെയ്യണമെന്നാണു മുസ്സോളിനിയും ഹിറ്റ്ലറും തീർച്ചയാക്കിയിട്ടുള്ളത്. പക്ഷേ, ഈ മർദ്ദനനയം എത്രകാലം തുടർന്നുകൊണ്ടുപോകാൻ സാധിക്കുമെന്നറിയുവാൻ ലോകം ഉൽക്കണ്ഠയോടെ നോക്കിക്കൊണ്ടിരിക്കുകയാണ്. സുപ്രസിദ്ധ ധനശാസ്ത്രജ്ഞനായ ജോൺ സ്റ്റാച്ചേ അഭിപ്രായപ്പെട്ടതുപോലെ, "ഫാസിസം മുതലാളിത്തത്തിന്റെ ആത്മരക്ഷയ്ക്കുള്ള ഒടുവിലത്തെ പ്രയത്നമാണ്. ഫാസിസം തോറ്റുകഴിഞ്ഞാൽ പിന്നെ മുതലാളിത്തത്തെ സംരക്ഷിക്കുവാൻ മറ്റു യാതൊരുശക്തിയും ഉണ്ടാവുകയില്ല."

---

2. Menace of Fascism by John Strachey.
3. Individualism and socialism by Kirly Page.
4. My Struggle by Herr Hitler

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്മ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014